പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. * 94 07.06.2018-ൽ മറുപടിക്ക്

## നെൽവയൽ തണ്ണീർത്തട നിയമ പ്രകാരമുള്ള ഡേറ്റാ ബാങ്ക്

ചോദ്യം ഉത്തരം

ശ്രീ.എൻ. ഷംസുദ്ദീൻ
ഡോ.എം. കെ. മുനീർ
ശ്രീ.ടി. വി. ഇബ്രാഹിം
,, കെ.എൻ.എ ഖാദർ

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽവയൽ തണ്ണീർത്തട നിയമ പ്രകാരമുള്ള ഡേറ്റാ ബാങ്ക് തയ്യാറാക്കുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ) | 1076 കൃഷിഭവൻ പ്രദേശങ്ങളിൽ നെൽവയൽ തണ്ണീർത്തടങ്ങളുള്ള 1054 എണ്ണത്തിൽ 669 പ്രദേശങ്ങളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള പ്രദേശ ങ്ങളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇത് എത്ര ശതമാനം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്; | (ബി) | 63% കൃഷിഭവൻ പ്രദേശങ്ങളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന് ഒരു വർഷത്തിനുള്ളിൽ ഡേറ്റാ ബാങ്ക് പൂർണ്ണമായി വിജ്ഞാപനം ചെയ്യുമെന്ന വാഗ്ദാനം നൽകിയിട്ടുണ്ടോ; എങ്കിൽ അത് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (സി) | ഒരു വർഷത്തിനുള്ളിൽ ഡാറ്റാബാങ്ക് പൂർണ്ണമായി വിജ്ഞാപനം ചെയ്യാൻ കഴിയുമെന്ന പ്രതീക്ഷ പ്രകടിപ്പിച്ചിട്ടുണ്ട്. ഡാറ്റാബാങ്കിൽ തെറ്റായി വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു എന്നും അത് തിരുത്തുന്നതിനുള്ള സൗകര്യം ചെയ്യണമെന്നും ഉള്ള ധാരാളം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ.ഉ(പി) നമ്പർ 34/2017/ റവന്യൂ തീയതി 30.05.2017 പ്രകാരം 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ ഭേദഗതി വരുത്തി വ്യവസ്ഥ കൊണ്ടുവന്നു കൊണ്ട് തെറ്റായി കടന്നു കൂടിയിട്ടുള്ള വിവരങ്ങൾ തിരുത്തുന്നതിനും ഡാറ്റാബാങ്കിൽ ഉൾപ്പെടേണ്ടതായിരുന്നിട്ടും ഉൾപ്പെട്ടിട്ടില്ലാത്ത വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനും ബന്ധപ്പെട്ട പ്രാദേശികതല നിരീക്ഷണ |

| | | | |
|---|---|---|---|
| | | | സമിതി കൺവീനർ മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതിനും രണ്ടു പ്രാവശ്യമായി 180 ദിവസം അനുവദിച്ചു നൽകുകയുണ്ടായി. അതനുസരിച്ച് 201364 അപേക്ഷകളാണ് ലഭിച്ചിരിക്കുന്നത്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് 2018 മാർച്ച് 31-ന് മുമ്പായി തീർപ്പാക്കേണ്ടതാണെന്ന നിർദ്ദേശവും സ.ഉ(സാധാ) നം.4592/2017/റവന്യൂ തീയതി 31.10.2017 പ്രകാരം നൽകിയിരുന്നു. എന്നാൽ അപേക്ഷകളുടെ ബാഹുല്യം കാരണം പ്രസ്തുത തീയതിയ്ക്കു മുമ്പ് അപേക്ഷകൾ കാര്യക്ഷമമായി തീർപ്പ് കൽപ്പിക്കാൻ കഴിയുകയില്ലായെന്നു ബന്ധപ്പെട്ടവർ അറിയിച്ചതിനെ തുടർന്ന് 30.06.2018 വരെ സമയം അനുവദിച്ചു നൽകിയിരിക്കുകയാണ്. അതു പോലെ ഉപഗ്രഹ ചിത്രങ്ങളുടെ അടിസ്ഥാനത്തിൽ കുറ്റമറ്റ രീതിയിലാണ് ഡാറ്റാബാങ്ക് തയ്യാറാക്കുന്നത്. ഇക്കാരണങ്ങൾ കൊണ്ടാണ് പ്രതീക്ഷിച്ച തീയതിയിൽ ഡാറ്റാബാങ്ക് പൂർണ്ണമായി പ്രസിദ്ധീകരിക്കാൻ കഴിയാതെ പോയത്. |

**സെക്ഷൻ ഓഫീസർ**